**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1019** **10-06-2021 - ൽ മറുപടിയ്ക്ക്**

**തുറമുഖ മേഖലയുടെ പ്രാധാന്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri Ahammad Devarkovil**<br>(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തികപുരോഗതിയിൽ തുറമുഖമേഖലയ്ക്കുള്ള അനിഷേധ്യ പ്രാധാന്യം സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരളത്തിൽ മാരിടൈം മേഖലയുടെ ഏകോപനത്തിനായി കേരള മാരിടൈം ബോർഡ് രൂപീകരിച്ചു. കൊല്ലം നീണ്ടകരയിൽ മാരിടൈം മേഖലയിലെ പരിശീലന പരിപാടികൾക്കായി മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പുരോഗമിക്കുന്നു. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളുമായി ബന്ധപ്പെട്ട കപ്പൽ ഗതാഗതം പ്രോൽസാഹിപ്പിക്കുന്ന- തിനായി ഇൻസെന്റീവ് നൽകുന്നത് തുടരുന്നു. കോവിഡ് സാഹചര്യത്തിൽ മാരിടൈം മേഖലയിൽ ഇൻഡ്യൻ ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്ന- തിനായി വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ച് പദ്ധതി ആരംഭിച്ചു. പരമാവധി ചരക്കുനീക്കം ജലമാർഗ്ഗം നടത്തുന്നത് സംബന്ധിച്ച് വിവിധ ഏജൻസികളുമായി ചർച്ച നടത്തിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് തുറമുഖമേഖലയുടെ വളർച്ചയ്ക്കായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്ക് ശുദ്ധജല വിതരണത്തിന് വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപയുടെ പദ്ധതി ആരംഭിച്ചു. വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് 3.24 കോടി രൂപ ചെലവിൽ ടഗ്ഗ് ലഭ്യമാക്കി. അഴീക്കൽ തുറമുഖ ചാനലിൽ മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തുന്ന തിന് 4.9 കോടി രൂപയുടെ പദ്ധതി അനുവദിച്ചു. അഴീക്കലിൽ തൊഴിലാളികൾക്കുള്ള വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിന് 34 ലക്ഷം രൂപയുടെ പ്രോജക്ട്. അഴീക്കലിൽ കസ്റ്റംസ് ഇ.ഡി.ഐ ടെർമിനൽ നിർമ്മാണത്തിന് 27.30 ലക്ഷം രൂപയുടെ പ്രോജക്ട്. ബേപ്പൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി 300 HP ടഗ്ഗ് വാങ്ങി. 3.19 ഏക്കർ കോവിലകം ഭൂമി ബേപ്പൂർ തുറമുഖവികസനത്തിനായി ഏറ്റെടുക്കുക- |

| | | | |
|---|---|---|---|
| | | | യുണ്ടായി. ബേപ്പൂർ തുറമുഖത്ത് കയറ്റിറക്കുമതിക്കാവശ്യമായ ഫോർക്ക് ലിഫ്റ്റ് ക്രെയിൻ, പിക് & ക്യാരി ക്രെയിൻ എന്നിവ വാങ്ങി. ബേപ്പൂർ തുറമുഖത്ത് കപ്പലുകളുടെ സുഗമമായ പോക്കുവരവിനായി തുറമുഖ ചാനലിൽ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിച്ചു. ബേപ്പൂർ തുറമുഖത്ത് വലിയ കപ്പലുകൾ വരുന്നതിനാവശ്യമായി പോർട്ട് ചാനലിന്റെ ആഴം 8 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി. ബേപ്പൂർ തുറമുഖത്തേക്ക് റെയിൽ റോഡ് കണക്ടിവിറ്റിക്കുള്ള പ്രൊപ്പോസൽ TEFR തയ്യാറാക്കി അംഗീകാരം നൽകി. ആലപ്പുഴ തുറമുഖ ഗോഡൗണുകൾ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് മെസേഴ്സ്. മുസിരീസ് പ്രൈവറ്റ് ലിമിറ്റഡ് മുഖേന നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | അതിന്റെ അടിസ്ഥാനത്തിൽ മുൻസർക്കാരിന്റെ കാലത്ത് ഈ മേഖലയുടെ വളർച്ചക്കായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | ഉണ്ട്. കേരളത്തിൽ മാരിടൈം മേഖലയുടെ ഏകോപനത്തിനായി കേരള മാരിടൈം ബോർഡ് രൂപീകരിച്ചു. കൊല്ലം നീണ്ടകരയിൽ മാരിടൈം മേഖലയിലെ പരിശീലന പരിപാടികൾക്കായി മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പുരോഗമിക്കുന്നു. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളുമായി ബന്ധപ്പെട്ട കപ്പൽ ഗതാഗതം പ്രോൽസാഹിപ്പിക്കുന്ന- തിനായി ഇൻസെന്റീവ് നൽകുന്നത് തുടരുന്നു. കോവിഡ് സാഹചര്യത്തിൽ മാരിടൈം മേഖലയിൽ ഇൻഡ്യൻ ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്ന- തിനായി വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ച് പദ്ധതി ആരംഭിച്ചു. പരമാവധി ചരക്കുനീക്കം ജലമാർഗ്ഗം നടത്തുന്നത് സംബന്ധിച്ച് വിവിധ ഏജൻസികളുമായി ചർച്ച നടത്തിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് തുറമുഖമേഖലയുടെ വളർച്ചയ്ക്കായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്ക് ശുദ്ധജല വിതരണത്തിന് വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപയുടെ പദ്ധതി ആരംഭിച്ചു. വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് 3.24 കോടി രൂപ ചെലവിൽ ടഗ്ഗ് ലഭ്യമാക്കി. അഴീക്കൽ തുറമുഖ ചാനലിൽ മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തുന്ന തിന് 4.9 കോടി രൂപയുടെ പദ്ധതി അനുവദിച്ചു. അഴീക്കലിൽ തൊഴിലാളികൾക്കുള്ള വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിന് 34 ലക്ഷം രൂപയുടെ പ്രോജക്ട്. അഴീക്കലിൽ കസ്റ്റംസ് ഇ.ഡി.ഐ ടെർമിനൽ നിർമ്മാണത്തിന് 27.30 ലക്ഷം രൂപയുടെ പ്രോജക്ട്. ബേപ്പൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി 300 HP ടഗ്ഗ് വാങ്ങി. 3.19 ഏക്കർ കോവിലകം ഭൂമി ബേപ്പൂർ തുറമുഖവികസനത്തിനായി ഏറ്റെടുക്കുക- |

| | | | |
|---|---|---|---|
| | | | യുണ്ടായി. ബേപ്പൂർ തുറമുഖത്ത് കയറ്റിറക്കുമതിക്കാവശ്യമായ ഫോർക്ക് ലിഫ്റ്റ് ക്രെയിൻ, പിക് & ക്യാരി ക്രെയിൻ എന്നിവ വാങ്ങി. ബേപ്പൂർ തുറമുഖത്ത് കപ്പലുകളുടെ സുഗമമായ പോക്കുവരവിനായി തുറമുഖ ചാനലിൽ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിച്ചു. ബേപ്പൂർ തുറമുഖത്ത് വലിയ കപ്പലുകൾ വരുന്നതിനാവശ്യമായി പോർട്ട് ചാനലിന്റെ ആഴം 8 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി. ബേപ്പൂർ തുറമുഖത്തേക്ക് റെയിൽ റോഡ് കണക്ടിവിറ്റിക്കുള്ള പ്രൊപ്പോസൽ TEFR തയ്യാറാക്കി അംഗീകാരം നൽകി. ആലപ്പുഴ തുറമുഖ ഗോഡൗണുകൾ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് മെസേഴ്സ്. മുസിരീസ് പ്രൈവറ്റ് ലിമിറ്റഡ് മുഖേന നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | അഴീക്കൽ തുറമുഖം വഴി കണ്ടയ്നറുകളിൽ കൂടിയുള്ള ചരക്ക് നീക്കം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കണ്ടയ്നർ ചരക്കാണ് പ്രസ്തുത തുറമുഖം കൈകാര്യം ചെയ്തത് എന്ന് അറിയിക്കാമോ; | (സി) | അഴീക്കൽ തുറമുഖത്ത് 2014-15 സാമ്പത്തിക വർഷത്തിലും 2018-19 സാമ്പത്തിക വർഷത്തിലും കണ്ടൈനറുകൾ വഴിയുള്ള ചരക്കുനീക്കം നടന്നിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം (2020-21) കണ്ടൈനർ വഴിയുള്ള ചർക്കുനീക്കം നടന്നിട്ടില്ല. |
| (ഡി) | അഴീക്കൽ തുറമുഖം ഘട്ടംഘട്ടമായി വികസിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വികസനപ്രവർത്തനങ്ങളാണ് ഉദ്ദേശിച്ചിരുന്നത്; വ്യക്തമാക്കാമോ? | (ഡി) | കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ചെയർമാനായി Malabar International Port & SEZ Ltd. എന്ന കമ്പനി രൂപീകരിച്ച് വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് M/s.Howe Engineering Projects India Pvt. Ltd. എന്ന കമ്പനിയെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അവർ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് പ്രകാരം മൂന്ന് ഘട്ടങ്ങളിലായി തുറമുഖ വികസനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. Feasibility Report സർക്കാർ അംഗീകരിക്കുകയും geo-technical studies നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പഠനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ